**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 916** **06-10-2021 - ൽ മറുപടിയ്ക്ക്**

**ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുവാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവികളുടെ ആക്രമണം മൂലം ബുദ്ധിമുട്ടുന്ന കുടുംബങ്ങളുടെ ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ, വിശദമാക്കാമോ? | (എ) | ഉണ്ട്. വന്യജീവികളുടെ ആക്രമണം മൂലം ബുദ്ധിമുട്ടുന്ന കുടുംബങ്ങളുടെ ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പദ്ധതി, കിഫ്ബി ഫേസ് IIഎന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേരളത്തിലെ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസ ഇതര കുടുംബങ്ങളുടെ ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് 14/11/2019-ലെ ജി.ഒ. (ആർ.റ്റി) 483/2018/ പി&ഇ.എ നമ്പർ ഉത്തരവ് പ്രകാരം റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പദ്ധതി, 23/01/2020-ലെ ജി.ഒ (എം.എസ്) 2/2020/വനം, 02/08/2021-ലെ ജി.ഒ(എം.എസ്)12/2021/വനം എന്നീ ഉത്തരവുകൾ പ്രകാരം കിഫ്ബി പദ്ധതിയ്ക്കും അനുമതി ലഭിച്ചിട്ടുണ്ട്. റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു പ്രധാന പദ്ധതിയാണ് സ്വകാര്യ സെറ്റിൽമെന്റുകളുടെ പുരധിവാസം. സ്വയം സന്നദ്ധമാകുന്ന ഒരു അർഹമായ കുടുംബത്തിന് 15 ലക്ഷം രൂപ എന്ന നിരക്കിൽ നൽകി റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പദ്ധതിക്ക് കീഴിൽ 4 വനം ഡിവിഷനുകളിലായി 22 സെറ്റിൽമെന്റുകളിലായി 677 ആദിവാസി ഇതര കുടുംബങ്ങളുടെയും കിഫ്ബി ഫെയ്സ് II പദ്ധതിയിൽ 3 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലായി 501 ആദിവാസി ഇതര കുടുംബങ്ങളെയും വനത്തിന് പുറത്തേക്ക് മാറ്റി പാർപ്പിക്കുന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പദ്ധതിക്കുകീഴിലുള്ള സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ശെന്തുരുണി വനം ഡിവിഷനിലെ കട്ടിളപ്പാറ സെറ്റിൽമെന്റിലെ 50 കുടുംബങ്ങൾക്ക് 7.5 ലക്ഷം രൂപ വീതം ആകെ 3.75 കോടി രൂപ ആദ്യ ഗഡുവായി ഇതിനകം അനുവദിച്ചിട്ടുണ്ട്. കിഫ്ബി ഫെയ്സ് II പദ്ധതിയിൽ സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസവുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് തിരുവനന്തപുരം വനം ഡിവിഷനിലെ ചണ്ണമല സെറ്റിൽമെന്റിലെ 10 അർഹതപ്പെട്ട കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ വീതം ആകെ 1.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം 1.3109 ഹെക്ടർ ഭൂമി വനം വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. തിരുവനന്തപുരം വനം ഡിവിഷനിലെ മറ്റൊരു സെറ്റിൽമെന്റായ വട്ടകരിക്കകം സെറ്റിൽമെന്റിലെ 19 അർഹതപ്പെട്ട കുടുംബങ്ങൾക്ക് 7.5 ലക്ഷം രൂപ വീതം ആകെ 142.5 ലക്ഷം രൂപ ആദ്യ ഗഡുവായി ഇതിനകം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ